समग्र शिक्षा केरलम
Samagra Shiksha Keralam
സമഗ്ര ശിക്ഷാ കേരളം

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.)**
എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം – 695 033
ഫോൺ : 0471 2320826, 2320352. ഫാക്സ് : 2320703.
ഇ–മെയിൽ : ssakerala@gmail.com.

നം. എ3/6145/2026/എസ്.എസ്.കെ                                                                    തീയതി– 23/09/2026

## സർക്കുലർ

വിഷയം:–സമഗ്ര ശിക്ഷാ കേരളത്തിന്റെ ഔദ്യോഗിക പരിപാടികളും, എസ്.എസ്.കെ. ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ നടപ്പാക്കുന്ന പദ്ധതികളുടെയും ഉദ്ഘാടനങ്ങൾ, തറക്കല്ലിടൽ ചടങ്ങുകൾ തുടങ്ങിയവ – മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സമഗ്ര ശിക്ഷാ കേരളത്തിന്റെ ഔദ്യോഗിക പരിപാടികൾ, എസ്.എസ്.കെ. ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ നടപ്പാക്കുന്ന പദ്ധതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഉദ്ഘാടനം, തറക്കല്ലിടൽ, സമാനമായ മറ്റ് ഔദ്യോഗിക ചടങ്ങുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട പരിപാടികളുടെ വിവരം സംസ്ഥാന ഓഫീസിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ഇക്കാര്യം ഡി.പി.സി.മാർ ബന്ധപ്പെട്ട സ്കൂളുകളെ കൃത്യമായി അറിയിക്കേണ്ടതാണ്. ഇത്തരം പരിപാടികളുടെ തീയതിയും മറ്റ് വിശദാംശങ്ങളും സംസ്ഥാന ഓഫീസുമായി കൂടിയാലോചിച്ച്, ഡയറക്ടറുടെ അനുമതിയോടെ മാത്രമേ അന്തിമമായി നിശ്ചയിക്കാവൂ. ബഹു. മന്ത്രിയുടെയും ബന്ധപ്പെട്ട ബഹു. എം.എൽ.എമാരുടെയും മറ്റ് ജനപ്രതിനിധികളുടെയും സാന്നിധ്യം ഇത്തരം പരിപാടികളിൽ പ്രോട്ടോക്കോൾ അനുസരിച്ച് ഉറപ്പാക്കുന്നതിനായാണ് ഈ ക്രമീകരണം.

പ്രോട്ടോക്കോൾ പാലിക്കാതെ ചില ചടങ്ങുകൾ സംഘടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഈ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

സ്വീകർത്താവ്
എല്ലാ ജില്ലാപ്രോജക്ട് കോ–ഓർഡിനേറ്റർമാർക്കും

R.K